പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 553

04.02.2020- ൽ മറുപടിക്ക്.

# വയനാട് ജില്ലയിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പദ്ധതികൾ

ചോദ്യം

ശ്രീ. ഒ. ആർ. കേളു

മറുപടി

ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി).

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(എ) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് വയനാട് ജില്ലയിൽ നടപ്പിലാക്കിയിട്ടുള്ള സംരംഭക സഹായ പദ്ധതി പ്രകാരം 6,21,94,796/- രൂപയും ആശ പദ്ധതി പ്രകാരം 1,75,815/-രൂപയും നാനോ ഹൗസ് ഹോൾഡ് സ്കീം 1,00,359/- രൂപയും സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. സംരംഭകർക്കായി നൈപുണ്യ വികസന പരിപാടി, കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാം (ബോധ-വത്കരണ സെമിനാറുകൾ) വിവിധ നിക്ഷേപക സംഗമം, ടെക്നോളജി ക്ലിനിക്, വ്യവസായ എക്സിബിഷനുകൾ എന്നിവ വർഷം തോറും നടത്തി വരുന്നുണ്ട്. പ്രസ്തുത പരിപാടികൾക്ക് 3 വർഷങ്ങളിലായി ആകെ 33.16 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

കൈത്തറിയും ടെക്സ്റ്റയിൽസും വകുപ്പ് സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ എന്റെ ഗ്രാമം പദ്ധതി പ്രകാരം 34 യൂണിറ്റുകൾക്ക് 40,75,000/- രൂപ മാർജിൻ മണി

ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ TPC 1,35,00,000 രൂപയാണ്. ഇതുപ്രകാരം 135 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. പ്രധാന മന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 54 അപേക്ഷകൾ ജില്ലാതല ടാസ്ക് ഫോഴ്സ് കമ്മിറ്റി (DLTFC) അംഗീകരിച്ച് പാസ്സാക്കി ബാങ്കിലേക്ക് അയച്ചിട്ടുണ്ട്. ഇതിന്റെ TPC 3,66,84,157/- രൂപയാണ്. ഇതുപ്രകാരം 25 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് മാർജിൻ മണി ഇനത്തിൽ 34,64,262/- രൂപ വിതരണം ചെയ്തിട്ടുണ്ട്. തേൻ കലവറ പദ്ധതി പ്രകാരം 15 പേർക്ക് പരിശീലനം നൽകുകയും 25,000/- രൂപ സബ്സിഡി ഇനത്തിൽ തേനീച്ചപ്പെട്ടി വിതരണം ചെയ്യുന്നതിനും നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ പള്ളിക്കുന്ന് ഖാദി നെയ്ത്ത് സെന്ററിൽ പുതുതായി തറികൾ സ്ഥാപിച്ച് നെയ്ത്ത് യൂണിറ്റുകൾ ആരംഭിക്കുകയും 8 പേർക്ക് തൊഴിൽ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ വ്യവസായ വകുപ്പിന്റെ കീഴിൽ കൂടുതൽ പദ്ധതികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കാമോ ?

(ബി) : ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിൽ വയനാട് ജില്ലയിലെ പുൽപ്പള്ളി, പള്ളിക്കുന്ന്, തിരുനെല്ലി തുടങ്ങിയ സ്ഥലങ്ങളിൽ പുതിയ നെയ്ത്ത്/നൂൽപ്പ് കേന്ദ്രങ്ങൾ സൃഷ്ടിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

കൈത്തറിയും ടെക്സ്റ്റയിൽസും വകുപ്പിന്റേതായി വയനാട് ജില്ലയിൽ യുവവീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി എന്നിവ നടപ്പിലാക്കാനും പരിശ്രമിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.